20.2.79-ലെ ബോർഡിന്റെ അസാധാരണയോഗം പരിഗണിക്കുകയും ഗവാളിയോർ റയോൺസിനെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഹൗസിംഗ് കോളനികൾ

*488 [518] ശ്രീ. കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതിയെ സംബന്ധിച്ച് ആലോചിക്കാമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനി ആരംഭിക്കാൻ ഹൗസിംഗ് ബോർഡിന് ഉദ്ദേശമുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം

*489 [515] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഈ വിഷയം പരിഗണനയിൽ ആണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻറ് ലിമിറ്റഡ്

*490 [516] ശ്രീ. കെ. സുകുമാരനുണ്ണി :
,, കെ. പി. നൂറുദ്ദീൻ:
,, സി. പി. ഗോവിന്ദൻനമ്പ്യാർ:
,, എൻ. പി. മൊയ്തീൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻസ് ലിമിറ്റഡ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) കേരളത്തിൽനിന്നും അയച്ചവർക്കെല്ലാം തൊഴിൽ ലഭിച്ചുവോ; ഇല്ലെങ്കിൽ എത്ര പേർക്ക്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജോലി കിട്ടാതിരിക്കാൻ കാരണമെന്താണു്;

(ഡി) ഓവർസീസ് ഡവലപ്മെൻറ് ആൻറ് എംപ്ലോയ്മെൻറ് കൺസൽട്ടൻറ് ലിമിറ്റഡിൻെറ ശാഖകൾ അറബിരാജ്യങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ ഉദ്ദേശമെന്താണു്;

(എഫ്) ഈ സ്ഥാപനത്തിൻെറ മൊത്തം ചെലവ് എല്ലാംകൂടി ഒരു വർഷത്തിൽ എന്തു സംഖ്യ വരുമെന്നാണു് പ്രതീക്ഷിക്കുന്നത്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ.എം.കെ. രാഘവൻ):

(എ) ഉദ്യോഗാർത്ഥികളെ ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടോയെന്നു പരിശോധിച്ചു് ഉണ്ടെങ്കിൽ അത്തരം ആളുകളെ തെരഞ്ഞെടുക്കും.

(ബി) കേരളത്തിൽനിന്നും ഈ സ്ഥാപനം വഴി അയച്ചവർക്കെല്ലാം ജോലി ലഭിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇങ്ങനെയൊരു നിർദ്ദേശം കമ്പനിയുടെ പരിഗണനയിലുണ്ട്.

(ഇ) വിദേശത്തുള്ള തൊഴിൽ അവസരങ്ങളെപ്പറ്റി പരമാവധി വിവരങ്ങൾ ശേഖരിക്കുന്നതിനും തദ്ദ്വാരാ കഴിയുന്നത്ര അധികം ആളുകൾക്ക് വിദേശത്തു തൊഴിലുണ്ടാക്കിക്കൊടുക്കുക എന്ന കമ്പനിയുടെ പ്രധാനലക്ഷ്യം ത്വരിതഗതിയിൽ നേടുന്നതിനും വേണ്ടി.

(എഫ്) ഉദ്ദേശം പതിനഞ്ചു ലക്ഷം രൂപ.

സ്റ്റീൽ റീ റോളിംഗ് മില്ലുകൾക്ക് ആവശ്യമായ ബില്ലറ്റുകൾ

*491 [518] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ റീ റോളിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥമായ ബില്ലറ്റുകൾ ലഭിക്കാത്തതുമൂലം ഈ വ്യവസായം അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ഗവൺമെൻറിനു് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിൽ ഇതുവരെയായി ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ.പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണു്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

* 492 [519] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly